25
2024
ഫെബ്രുവരി
ഞായർ
കുംഭം 12

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-5, Issue No.139 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-139 പേജ് 4. വില 2.00 രൂപ




02 ആത്മഹത്യ പ്രതിരോധത്തിന് സമഗ്ര പദ്ധതി: കൊല്ലംകളക്ടർ

03 കാൻസർ ചികിത്സാ രംഗത്ത് മലബാർ കാൻസർ സെന്റർ കുതിക്കുന്നു

04 മന്ത്രി ഇടപെട്ടു; ഷാഡോ കുതിരയ്ക്ക് അടിയന്തിര ശസ്ത്രക്രിയ

# കടലിൽ ചൂട് കൂടിയതോടെ മത്സ്യലഭ്യത കുറഞ്ഞു

**സ്വന്തം ലേഖകൻ**



തിരുവനന്തപുരം : കടലിൽ വെള്ളത്തിനു ചൂട് കൂടിയതോടെ മത്സ്യലഭ്യത ഗണ്യമായി കുറഞ്ഞതിനാൽ തീരമേഖല വറുതിയുടെ പിടിയിൽ. 3 ആഴ്ചയായി ബോട്ടുകാർക്ക് കാര്യമായൊന്നും കിട്ടുന്നില്ല. ഈ സമയത്ത് ലഭിക്കേണ്ട മത്സ്യങ്ങളുടെ നാലിലൊന്നു പോലും കിട്ടാതായതോടെ കുടുംബം പുലർത്താൻ വിഷമിക്കുകയാണ് മത്സ്യത്തൊഴിലാളികൾ.

കടലിൽ ചൂട് കൂടിയതോടെ മത്സ്യങ്ങൾ കൂട്ടമായി തീരം വിടുകയാണ്. വലിയ ബോട്ടുകൾ കടലിൽ പോയി തിരിച്ചുവരണമെങ്കിൽ ഒരുലക്ഷം രൂപ വരെ ചെലവ് വരും. എന്നാൽ ഇതിനനുസരിച്ചുള്ള വരുമാനം ലഭിക്കുന്നില്ല. ഇതോടെ മത്സ്യതൊഴിലാളികളുടെ വിവിധ വായ്പ അടവുകളും തെറ്റി.

ഇന്ധനം, ഭക്ഷണം, ഐസ്, വെള്ളം എന്നിവയുൾപ്പെടെ കടലിൽ പോകുന്ന ബോട്ടിന് ദിവസം കുറഞ്ഞത് 50,000 രൂപയോളം ചെലവാകും. ദിവസങ്ങളോളം കടലിൽ ചെലവഴിച്ചാലും കുറഞ്ഞ മീനുകൾ മാത്രമാണ് വലയിൽ വീഴുന്നത്. ഓരോ തവണ പോയി വരുമ്പോഴും കടം കൂടുകയല്ലാതെ വരവ് പാടേ കുറഞ്ഞു.ഇതോടെ ഭൂരിഭാഗം ബോട്ടുകളും തീരത്ത് അടുപ്പിച്ചിരിക്കുകയാണ്.

മീൻലഭ്യത കുറഞ്ഞതോടെ ഹാർബറുകളിൽ നിന്നുള്ള കയറ്റുമതിയും നാലിലൊന്നായി കുറഞ്ഞു. കാലാവസ്ഥയിലെ മാറ്റം രണ്ടു തരത്തിലാണു മീനുകളെ ബാധിക്കുന്നത്. കടലിലെ ചൂടു കൂടുന്നതോടൊപ്പം അസിഡിറ്റി അഥവാ അമ്ലത കൂടും. കാലാവസ്ഥ വ്യതിയാനത്തിനു പുറമെയാണ് അശാസ്ത്രീയ മത്സ്യബന്ധനവും.

പെലാജിൻ വല ഉപയോഗിച്ചുള്ള മീൻപിടിത്തമാണ് ഇതിൽ പ്രധാനം. പ്രത്യേകമായി തയാറാക്കുന്ന വല രണ്ടു ബോട്ടുകൾ ചേർന്നു വലിക്കുന്ന രീതിയാണു പെലാജിക് മത്സ്യബന്ധനം. ഇത്തരത്തിൽ വല വലിക്കുമ്പോൾ ആ പ്രദേശത്തെ ചെറു മത്സ്യങ്ങൾ ഉൾപ്പെടെ ഒന്നടങ്കം വലയിലാവും. ഇതു മത്സ്യസമ്പത്ത് പാടേ ഇല്ലാതാകുന്നതിനു കാരണമാകുന്നു.വേനൽക്കാലത്തു കരയിൽ ചൂടു കനക്കുമ്പോൾ കടലിലും ചൂടു വർധിച്ചു. ചൂടു കൂടിയതോടെ മത്സ്യലഭ്യതയിൽ വലിയ കുറവാണ് അനുഭവപ്പെടുന്നത്. ബോട്ടുകളിൽ ഭൂരിഭാഗവും മത്സ്യബന്ധനത്തിനുപോകാതെ കരയ്ക്കടുപ്പിച്ചു. ബേപ്പൂരിലും പുതിയാപ്പയിലുമായി ചെറുതും വലുതും ഉൾപ്പെടെ ഏതാണ്ട് 1,500 ബോട്ടുകളുണ്ട്. ഇതിൽ അഞ്ഞൂറിൽ താഴെ മാത്രമാണ് ഇപ്പോൾ മത്സ്യബന്ധനത്തിനു പോകുന്നത്. വലിയ തുകയ്ക്ക് ഡീസലടിച്ച് പോകുന്ന ബോട്ടുകാർക്ക് ഡീസലിൻറെ ചെലവിനു പോലുമുള്ള മത്സ്യം കിട്ടുന്നില്ലെന്ന് ബോട്ടുടമകൾ പറയുന്നു.

കേരളത്തീരത്തു ചൂടു കൂടിയതോടെ മീനുകൾ കൂട്ടത്തോടെ തീരം വിട്ടതാണു മീൻ കുറയാൻ കാരണം. വലിയ ബോട്ടുകൾ ഇടയ്ക്ക് പോകുമെങ്കിലും കാര്യമായി മീൻ ലഭിക്കാറില്ല. കഴിഞ്ഞ മൂന്നാഴ്ചയായി ഇതുതന്നെയാണ് അവസ്ഥയെന്ന് തൊഴിലാളികൾ പറയുന്നു. ചൂണ്ടപ്പണി ലക്ഷ്യമിട്ടു വിരലിലെണ്ണാവുന്ന ബോട്ടുകാർ മാത്രമാണ് ഇപ്പോൾ മീൻപിടിത്തത്തിനു പോകുന്നത്.

സാധാരണ നവംബർ, ഡിസംബർ മാസങ്ങളിലാണ് മീൻ കിട്ടാതെ നേരിയ പ്രതിസന്ധി നേരിടാറുള്ളത്. എന്നാലിപ്പോൾ ഫെബ്രുവരി മാസത്തിൽ തന്നെ വേണ്ടത്ര മത്സ്യലഭ്യതയില്ലാത്ത അവസ്ഥയാണ്. തമിഴ്നാട്, ഗോവ, കർണാടക, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ നിന്നാണ് കേരളത്തിലേക്കിപ്പോൾ മീനുകളെത്തുന്നത്. കേരള തീരത്ത് സുലഭമായിരുന്ന ചെറുമീനുകളായ മത്തി, അയല, മാന്തൽ എന്നിവ ലഭിക്കാനില്ല. ആവേലിയും അയലക്കൂറയും കുറഞ്ഞു. കാലാവസ്ഥാ വ്യതിയാനവും അശാസ്ത്രീയമായ മീൻപിടിത്തവുമാണ് മീൻ കുറയാൻ കാരണമെന്ന് ഈ രംഗത്തെ വിദഗ്ധർ പറയുന്നു.

ഏതാനും വർഷങ്ങളായി കടലിലെ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണങ്ങളിലൊന്ന് ഇതു തന്നെയാണ്. ഇത് പരമ്പരാഗത തൊഴിലാളികളും വലിയ ബോട്ടുകാരും തമ്മിലുള്ള കലഹത്തിനും ഇടയാക്കുന്നുണ്ട്.

കടലിലെ മത്സ്യസമ്പത്ത് സംരക്ഷിക്കാൻ അധികൃതർ ഇടപെടണമെന്നാണ് ഉയരുന്ന ആവശ്യം. അതോടൊപ്പം നഷ്ടത്തിലായ മേഖലയെ രക്ഷിക്കാൻ ഉടൻ പരിഹാരം കാണമെന്നും മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുന്നു.

## ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതായി വ്യാജപ്രചാരണം

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതായി സാമൂഹ്യമാധ്യമങ്ങളിൽ വ്യാജപ്രചാരണം. മാർച്ച് 12 മുതൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽവരുമെന്നും 28 മുതൽ നാമനിർദ്ദേശ പത്രിക നൽകാമെന്നും ഏപ്രിൽ 19ന് തെരഞ്ഞെടുപ്പ് നടത്തുമെന്നും മേയ് 22ന് തെരഞ്ഞെടുപ്പ് ഫലം പുറത്തുവരുമെന്നും മേയ് 30ന് പുതിയ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്യുമെന്നാണ് പ്രചരിക്കുന്നത്. എന്നാൽ സാമൂഹ്യമാധ്യമങ്ങളിലെ പ്രചാരണത്തിൻറെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. തെരഞ്ഞെടുപ്പിൻറെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിൻറെ ഭാഗമായി തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്യോഗസ്ഥർ ഇപ്പോൾ വിവിധ സംസ്ഥാനങ്ങളിൽ പര്യടനം നടത്തുകയാണ്.

മാർച്ച് മൂന്നാം ആഴ്ചയിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചേക്കുമെന്ന് സൂചനയുണ്ട്. മാർച്ച് പതിമൂന്നിന് മുന്പെ ഉദ്യോഗസ്ഥരുടെ പര്യടനം അവസാനിക്കൂ. തുടർന്ന് ഇവർ നൽകുന്ന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കും.

2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പ് മാർച്ച് 10 നായിരുന്നു പ്രഖ്യാപിച്ചത്. ഏപ്രിൽ 11 മുതൽ മേയ് 19 വരെ ഏഴ് ഘട്ടങ്ങളിലായിട്ടായിരുന്നു തെരഞ്ഞെടുപ്പ് നടന്നത്. മേയ് 23നായിരുന്നു ഫലപ്രഖ്യാപനം.

### പി. ഭാസ്ക്കരൻ മാഷിന്റെ ഓർമ്മദിനം ഫെബ്രുവരി ഇരുപത്തഞ്ചാണ്


## മലയാളത്തിന്റെ മഞ്ഞണിപ്പൂനിലാവ്

**മോഹൻ ശ്രീശൈലം**

പൊയ്പോയ സുവർണകാലത്തെ വാക്കുകളടുക്കിവച്ച് ശ്രോതാവിന് മുന്നിലെത്തിച്ച ദൃശ്യാനുഭവമാണ് പി. ഭാസ്കരന്റെ രചനകൾ നൽകിയിരുന്നത്. ആരാധകരെയും അനുയായികളെയും സൃഷ്ടിക്കാൻ പോന്ന വ്യക്തിപ്രഭാവമായിരുന്നു മാഷ്.

അദ്ദേഹം നടന്നുതീർത്ത വഴികൾ മലയാളിക്ക് പറഞ്ഞുതീരാത്ത വിശേഷമാണ്. കവിയും എഴുത്തുകാരനും സിനിമാസംവിധായകനും നടനും രാഷ്ട്രീയ പ്രവർത്തകനും മാധ്യമപ്രവർത്തകനും അങ്ങനെ മലയാളിക്ക് എല്ലാമെല്ലാമായിരുന്നു പി. ഭാസ്കരൻ. 250 ചിത്രങ്ങളിലായി 3000 ഗാനങ്ങൾ ഉതിർന്നു വീണു ആ തൂലികത്തുമ്പിൽ നിന്ന്. രവി എന്ന പേരിലെഴുതിയ 'വയലാർ ഗർജിക്കുന്നു', 'മൂലധനം' എന്ന ചലച്ചിത്രത്തിലെ 'ഓരോ തുള്ളിച്ചോരയിൽ നിന്നും...' എന്നിവ ജ്വലിപ്പിച്ചത് ആ ദശാസന്ധിയിലെ വിപ്ലവസ്വപ്നങ്ങളെയാണ്. 'ഉയരും ഞാൻ നാടാകെ' എന്നു തുടങ്ങുന്ന ഗാനം ഭരണകൂടവർഗത്തെ ഉലച്ചതും അസ്വസ്ഥമാക്കിയതും ചരിത്രം.

1924 ഏപ്രിൽ 21 ന് കൊടുങ്ങല്ലൂരിലാണ് അദ്ദേഹം ജനിക്കുന്നത്. വിദ്യാഭ്യാസകാലത്ത് പുരോഗമന പ്രസ്ഥാനങ്ങളോട് ബന്ധപ്പെട്ടിരുന്ന ഭാസ്കരൻ 1942ൽ ക്വിറ്റിന്ത്യാ സമരത്തോടനുബന്ധിച്ച് ജയിൽ വാസം വരിക്കുകയുണ്ടായി. പിന്നീട് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ സഹയാത്രികനായി. അക്കാലത്ത് ഒളിവിലും തടവിലും കഴിഞ്ഞിട്ടുണ്ട്. വയലാർ വെടിവെപ്പിനെ കുറിച്ച് അദ്ദേഹം



രചിച്ച വയലാർ ഗർജ്ജിക്കുന്നു എന്ന സമാഹാരം തിരുവിതാംകൂറിൽ ദിവാൻ സി.പി. രാമസ്വാമി അയ്യർ നിരോധിച്ചിരുന്നു.

1949 ൽ ഒരു തമിഴ് ചലച്ചിത്രത്തിന് ഗാനരചന നിർവഹിച്ചുകൊണ്ടാണ് പി. ഭാസ്കരൻ സിനിമയിലേക്ക് കടന്നുവന്നത്. 'അപൂർവ സഹോദരങ്ങൾ' എന്ന ചിത്രത്തിൽ പല ഭാഷകൾ ചേർത്ത ഗാനത്തിലെ മലയാളശകലമായിരുന്നു അദ്ദേഹം രചിച്ചത്. 1950 ൽ 'ചന്ദ്രിക' എന്ന മലയാള ചലച്ചിത്രത്തിന് പാട്ടെഴുതി. 1954 ൽ രാമുകാര്യാട്ടുമായി ചേർന്ന് 'നീലക്കുയിൽ' എന്ന സിനിമ സംവിധാനം ചെയ്തു. സോഷ്യൽ റിയലിസം ആദ്യമായി മലയാളിക്ക് പരിചയപ്പെടുത്തിയ സിനിമ. പഴമയുടെ മാമൂലുകളെ ആശയവന്യത കൊണ്ട് നേരിട്ട സിനിമ. ആദ്യമായി മലയാള സിനിമയ്ക്ക് രാഷ്ട്രപതി വെള്ളിമെഡൽ നൽകുകയും ചെയ്തു. പിന്നീടിങ്ങോട്ട് മലയാളത്തിന്റെ മണ്ണ് മണക്കുന്ന നിരവധി ചിത്രങ്ങളാണ് പിറന്നത്. ആദ്യകിരണങ്ങൾ (1964), ഇരുട്ടിന്റെ ആത്മാവ് (1969), തുറക്കാത്തവാതിൽ (1971) എന്നിവ സാധാരണക്കാരായ പ്രേക്ഷകരെയും ദേശീയ അവാർഡ് നിർണയസമിതിയെയും ആസ്വാദനത്തിന്റെ ഒരേതലത്തിലേക്കാകർഷിച്ച് അഭിപ്രായൈക്യത്തിലെത്തിച്ചു.

താമസമെന്തേ വരുവാൻ (ഭാർഗവീനിലയം), പ്രാണസഖീ ഞാൻ വെറുമൊരു (പരീക്ഷ), ഇന്നലെ നീയൊരു സുന്ദരരാഗമായ് (സ്ത്രീ), തളിരിട്ട കിനാക്കൾ (മൂടുപടം), ഒരു കൊച്ചുസ്വപ്നത്തിൻ (തറവാട്ടമ്മ), വാസന്ത പഞ്ചമി നാളിൽ (ഭാർഗവീനിലയം), അഞ്ജനക്കണ്ണെഴുതി (തച്ചോളി ഒതേനൻ), നാദബ്രഹ്മത്തിൻ സാഗരം (കാട്ടുകുരങ്ങ്), എങ്ങനെ നീ മറക്കും, കായലരികത്ത് (നീലക്കുയിൽ), കാട്ടിലെ പാഴ്മുളം തണ്ടിൽ നിന്നും (വിലയ്ക്ക് വാങ്ങിയ വീണ), ഇന്നെനിക്ക് പൊട്ടുകുത്താൻ (ഗുരുവായൂർ കേശവൻ) തുടങ്ങി എത്രയോ ഗാനങ്ങൾ ഭാവുകത്വത്തിന്റെ ഔന്നത്യം പ്രകാശനം ചെയ്തു.

പൊയ്പോയ സുവർണകാലത്തെ വാക്കുകളടുക്കിവച്ച് ശ്രോതാവിന് മുന്നിലെത്തിച്ച ദൃശ്യാനുഭവമാണ് പി. ഭാസ്കരന്റെ രചനകൾ നൽകിയിരുന്നത്. ആരാധകരെയും അനുയായികളെയും സൃഷ്ടിക്കാൻ പോന്ന വ്യക്തിപ്രഭാവമായിരുന്നു മാഷ്.

ഏഷ്യാനെറ്റിന്റെ സ്ഥാപക ചെയർമാനായും, കെ.എഫ്.ഡി.സിയുടെ ചെയർമാനായും, ദേശാഭിമാനി ദിനപത്രത്തിന്റെ പത്രാധിപരായും, ജയകേരളം മാസിക, ദീപിക വാരിക എന്നിവയുടെ പത്രാധിപ സമിതി അംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. .

47 ചിത്രങ്ങൾ സംവിധാനം ചെയ്തു. ഏഴു ചിത്രങ്ങൾ നിർമ്മിച്ചിരുന്നു. ചലച്ചിത്ര രംഗത്തെ സമഗ്ര

(ശേഷം പേജ് 4)



# റെയിൽവേ ജനറൽ മാനേജരുമായി ചർച്ച നാളെ: ആവശ്യങ്ങളുടെ പട്ടികയുമായി യാത്രികർ

കൊല്ലം: ദക്ഷിണ റെയിൽവേ ജനറൽ മാനേജർ ആർ. എൻ. സിംഗിൻറെ അധ്യക്ഷതയിൽ എംപിമാരുടെ യോഗം നാളെ തിരുവനന്തപുരം ഡിവിഷനിൽ നടക്കും. പാലക്കാട് ഡിവിഷനിൽ ഇന്നാണ് യോഗം.

തിരുവനന്തപുരത്ത് നടക്കുന്ന യോഗത്തിൽ പങ്കെടുക്കുന്ന എംപിമാരായ എൻ. കെ. പ്രേമചന്ദ്രൻ, കൊടിക്കുന്നിൽ സുരേഷ് എന്നിവർക്ക് വിവിധ ആവശ്യങ്ങൾ അടങ്ങിയ നിവേദനം യാത്രക്കാരുടെ സംഘടനയായ ഫ്രണ്ട്സ് ഓൺ റെയിൽസ് കൈമാറി.

നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ ജനറൽ മാനേജർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് അടിയന്തിരമായി പരിഹാരം കാണണമെന്നാണ് സംഘടന ആവശ്യപ്പെടുന്നത്. ദിവസവും യാത്ര ചെയ്യുന്നവർക്കായി കൂടുതൽ ട്രെയിൻ സർവീസുകൾ ആരംഭിച്ച് നിലവിലുള്ള വണ്ടികളുടെ സമയം ബഫർ ടൈം കുറച്ച് പുനക്രമീകരിക്കുകയും ചെയ്യണമെന്നാണ് പ്രധാന ആവശ്യം.

തിരുവനന്തപുരത്തെ നേമം ടെർമിനൽ യാഥാർഥ്യമാക്കേണ്ടതിൻറെ ആവശ്യകതയും നിവേദനത്തിൽ ചൂണ്ടിക്കാട്ടുന്നു.

ഓഫീസ് സ്കൂൾ പ്രവർത്തി ദിവസങ്ങളിലും സമയങ്ങളിലും യാത്രക്കാർക്ക് സൗകര്യപ്രദമായ രീതിയിൽ കൂടുതൽ മെമു സർവീസുകൾ പ്രധാനപ്പെട്ട എല്ലാ റൂട്ടുകളിലും ആരംഭിക്കണമെന്നാണ് മറ്റൊരു ആവശ്യം.

കൊല്ലത്തെ മെമു ഷെഡ് 16 കാർ ഷെഡായി ഉയർത്തുന്ന നടപടികൾ വേഗത്തിലാക്കി കൊല്ലം പാലക്കാട് മെമു സർവീസ് പുതുതായി ആരംഭിക്കണം.

കോവിഡിന് മുമ്പ് നിർത്തലാക്കിയ പല സൗകര്യങ്ങളും ഇതുവരെ പുനസ്ഥാപിച്ചിട്ടില്ല. രാജ്യറാണി എക്സ്പ്രസിൻറേയും മറ്റ് പാസഞ്ചർ ട്രെയിനുകളുടെയും റദ്ദാക്കിയ സ്റ്റോപ്പുകൾ പുനസ്ഥാപിക്കണം. കോവിഡിന് മുമ്പ് മിനിമം ടിക്കറ്റ് നിരക്ക് 10 രൂപയായിരുന്നു. അത് മൂന്നിരട്ടിയാക്കിയെങ്കിലും നിരക്കിൽ ഇളവ് വരുത്താൻ റെയിൽവേ ഇതുവരെ തയാറായിട്ടില്ല. മുതിർന്ന പൗരന്മാർക്ക് അടക്കം ഉണ്ടായിരുന്ന എല്ലാ സൗജന്യങ്ങളും പുസ്ഥാപിക്കണമെന്നും യാത്രക്കാർ ആവശ്യപ്പെടുന്നു. യാത്രക്കാരുടെ സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകി എല്ലാ സ്റ്റേഷനുകളിലും ട്രെയിനുകളിലും സിസിടിവി കാമറകൾ സ്ഥാപിക്കണം.

പാസഞ്ചർ അടക്കം എല്ലാ ട്രെയിനുകളിലെയും കമ്പാർട്ടുമെൻറുകളിൽ രാപകൽ വ്യത്യാസമില്ലാതെ പോലീസ് സാന്നിധ്യം ഉറപ്പാക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെടുന്നു.

വന്ദേഭാരത് എക്സ്പ്രസുകളുടെ അശാസ്ത്രീയ സമയക്രമം പരിഷ്കരിച്ച് മറ്റ് ട്രെയിനുകളിലെ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ക്രമീകരിക്കണം. ആലപ്പുഴ റൂട്ടിൽ ഇരട്ടപ്പാതയ്ക്ക് വേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തണം. ഈ മേഖലയിൽ നിലവിലുള്ള യാത്രാക്ലേശം പരിഹരിക്കാൻ ആലപ്പുഴ വഴി കൂടുതൽ സർവീസ് ആരംഭിക്കണം.

കോട്ടയം വഴി തിരുവനന്തപുരം ഭാഗത്തേയ്ക്ക് പരശുറാം എക്സ്പ്രസിന് ശേഷവും കേരളയ്ക്ക് മുമ്പും ഒരു ട്രെയിൻ കൂടി അനുവദിക്കണം. രാത്രി പത്തിന് ശേഷം തിരുവനന്തപുരത്ത് നിന്ന് കൊല്ലം ഭാഗത്തേയ്ക്ക് ട്രെയിൻ ഇല്ലാത്ത അവസ്ഥയുണ്ട്. ഈ റൂട്ടിൽ രാത്രി പുതുതായി ഒരു ട്രെയിൻ അനുവദിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെടുന്നു.

ട്രെയിനുകളിൽ കൂടുതൽ ജനറൽ ഡീറിസർവ്ഡ് കോച്ചുകൾ അനുവദിക്കുക, എറണാകുളത്ത് മാർഷലിംഗ് യാർഡ് സ്റ്റേഷൻ അനുവദിക്കുക, സ്റ്റേഷനുകളുടെ വികസനം വേഗത്തിലാക്കുക, കൊച്ചുവേളി മംഗലാപുരം അന്ത്യോദയ എക്സ്പ്രസ് പ്രതിദിന സർവീസ് ആക്കുക തുടങ്ങിയവയാണ് യാത്രക്കാർ ഉന്നയിക്കുന്ന മറ്റ് ആവശ്യങ്ങൾ.

# പത്തനംതിട്ട ജില്ലാ പഞ്ചായത്ത്: ഓമല്ലൂർ ശങ്കരൻ രാജിവച്ചു; ഇനി സിപിഐക്ക്

പത്തനംതിട്ട: ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഓമല്ലൂർ ശങ്കരൻ സ്ഥാനം രാജിവച്ചു. എൽഡിഎഫ് ധാരണ പ്രകാരമുള്ള രാജിക്കത്ത് ശങ്കരൻ ഇന്നലെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കു കൈമാറി. സിപിഐക്കാണ് ഇനി ജില്ലാ പഞ്ചായത്ത് അധ്യക്ഷ സ്ഥാനം. എൽഡിഎഫ് ധാരണ പ്രകാരം കഴിഞ്ഞ ഡിസംബർ അവസാനം ഓമല്ലൂർ ശങ്കരൻ രാജിവയ്ക്കേണ്ടതായിരുന്നു.

സിപിഐ അധ്യക്ഷ സ്ഥാനം ആവശ്യപ്പെട്ടു രംഗത്തുവന്നെങ്കിലും രാജി വൈകിപ്പിച്ചതിനു പിന്നിൽ സിപിഎമ്മിലെയും സിപിഐയിലെയും ഒരുവിഭാഗത്തിൻറെ സമ്മർദമുണ്ടായിരുന്നു. എൽഡിഎഫ് ജില്ലാ കമ്മിറ്റി ധാരണ നടപ്പാക്കണമെന്ന നിർദേശം നൽകി. തുടർന്നു സിപിഎം ജില്ലാ സെക്രട്ടേറിയറ്റും ശങ്കരൻ രാജിവയ്ക്കണമെന്നു നിർദേശിച്ചു.

വീണ്ടും രാജി വൈകുന്നതിനെതിരേ സിപിഐ ശക്തമായ പ്രതികരണവും നടത്തി. ഇക്കാര്യത്തിൽ പ്രതിഷേധം അറിയിച്ച് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം സിപിഎം സെക്രട്ടറി എം. വി. ഗോവിന്ദനെ കാണുകയും ചെയ്തു.

സിപിഐക്ക് ഒരുവർഷത്തേക്കാണ് പ്രസിഡൻറ് സ്ഥാനം ലഭിക്കേണ്ടത്. അവസാന ഒരുവർഷം കേരള കോൺഗ്രസ് എമ്മിന് സ്ഥാനം കൈമാറണമെന്നാണ് ധാരണ. പള്ളിക്കൽ ഡിവിഷൻ പ്രതിനിധി സിപിഐയിലെ ശ്രീനാദേവി കുഞ്ഞമ്മ പ്രസിഡൻറാകുമെന്നാണ് സൂചന. എന്നാൽ സിപിഐ ജില്ലാ ഘടകത്തിൽ സമീപകാലത്തുണ്ടായ ചില സംഭവവികാസങ്ങളേ തുടർന്നു ശ്രീനാദേവിക്കു പ്രസിഡൻറ് സ്ഥാനം ലഭിക്കാതിരിക്കാൻ അണിയറ നീക്കം സജീവമാണ്.

ഇതാണ് ശങ്കരൻറെ രാജി വൈകിപ്പിക്കാനും കാരണമായത്. സിപിഐ ജില്ലാ സെക്രട്ടറിയായിരുന്ന എ. പി. ജയനെതിരേ പരാതി നൽകി അദ്ദേഹത്തെ സ്ഥാനത്തുനിന്നു മാറ്റാൻ കാരണമായത് ശ്രീനാദേവിയാണ്. ഇതാണ് ഒരുവിഭാഗത്തെ ചൊടിപ്പിച്ചത്.

സിപിഐയിലെ മറ്റൊരു അംഗമായ രാജി പി. രാജപ്പനെ പ്രസിഡൻറാക്കണമെന്ന നിർദേശവുമുണ്ട്. എന്നാൽ പാർട്ടിയിലെ ഔദ്യോഗിക വിഭാഗത്തിനും ജില്ലാ സെക്രട്ടറി അടക്കമുള്ളവർക്കും ഇതിനോടു യോജിപ്പില്ല.

രാജി പി. രാജപ്പൻ നേരത്തേ ഒരുവർഷം വൈസ് പ്രസിഡൻറായിരുന്നു. ശങ്കരൻ രാജിവച്ചതിനു പിന്നാലെ വൈസ് പ്രസിഡൻറ് കേരള കോൺഗ്രസ് എമ്മിലെ മായാ അനിൽ കുമാറും ധാരണ പ്രകാരം രാജിവയ്ക്കും. പുതിയ പ്രസിഡൻറ് തെരഞ്ഞെടുപ്പിനു ശേഷമേ വൈസ് പ്രസിഡൻറ് രാജിവയ്ക്കാനിടയുള്ളൂ. പ്രസിഡൻറിൻറെ ചുമതല നിലവിൽ വൈസ് പ്രസിഡൻറിനാണ്. എൽഡിഎഫ് ധാരണ പ്രകാരം അടുത്ത രണ്ടുവർഷം വൈസ് പ്രസിഡൻറു സ്ഥാനം സിപിഎമ്മിനാണ്.

# മാലിന്യ സംഭരണ കേന്ദ്രങ്ങളുടെ സുരക്ഷക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവിറക്കി

അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ മാലിന്യ സംഭരണ കേന്ദ്രങ്ങളിലും ഡംപ് സൈറ്റുകളിലും അഗ്നിബാധയുണ്ടാകുന്നത് തടയുന്നതിനായുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകി തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവിറക്കി. ഉത്തരവിന്റെ ഭാഗമായുള്ള ചെക്ക് ലിസ്റ്റ് പൂരിപ്പിച്ച് ഫെബ്രുവരി 29 നകം പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കണം. മാലിന്യ സംഭരണ കേന്ദ്രങ്ങളിലും (ങഇഎ, ഞഞൈ), ലെഗസി ഡംപ് സൈറ്റുകളിലും തീപിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുന്നതിന്റെയും സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കുന്നതിന്റെയും പൂർണ്ണ ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപന മേധാവി, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർക്കായിരിക്കും.

മാലിന്യ സംഭരണ കേന്ദ്രങ്ങളും (ങഇഎ, ഞഞൈ), ലെഗസി ഡംപ് സൈറ്റുകളും സന്ദർശിച്ച് അഗ്നി സുരക്ഷാ വിലയിരുത്തൽ നടത്തുന്നതിനായി ഒരു ഫയർ ഓഡിറ്റ് ടീമിനെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി രൂപീകരിക്കണം. കൗൺസിലർ/വാർഡ് മെമ്പർ, ഹെൽത്ത് ഇൻസ്പെക്ടർ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, തദ്ദേശസ്വയംഭരണ സ്ഥാപന എൻജിനിയറിംങ് വിഭാഗം പ്രതിനിധി, ഫയർ ആൻഡ് റസ്ക്യൂ വകുപ്പ് പ്രതിനിധി, റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധി എന്നിവരുൾപ്പെടുന്ന സംഘം മാർച്ച് 5 നകം സ്ഥലങ്ങൾ സന്ദർശിക്കുകയും സുരക്ഷാ സജ്ജീകരണങ്ങളുടെ നിലവിലെ സാഹചര്യവും കുറവുകളും വിലയിരുത്തുകയും വേണം. പോരായ്മകൾ മാർച്ച് 15 നകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിഹരിച്ച് ചെക്ക് ലിസ്റ്റ് അപ്ഡേറ്റ് ചെയ്ത് സമർപ്പിക്കണം. നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങളുടെ അവലോകനം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ മാർച്ച് 20 നകം നടത്തണം. ചീഫ് സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം മാർച്ച് 20നു ശേഷം ഓരോ രണ്ടാഴ്ച കൂടുമ്പോഴും പ്രൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ സുരക്ഷാ സജ്ജീകരണങ്ങൾ സംബന്ധിച്ച അവലോകനയോഗം ചേരണം. ഇതിന്റെ റിപ്പോർട്ട് സർക്കാരിനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും സമർപ്പിക്കണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

# ക്ഷീരസംഘങ്ങളെ ശക്തിപ്പെടുത്തും: മന്ത്രി റോഷി അഗസ്റ്റിൻ

അണക്കര: സംസ്ഥാനത്തെ ക്ഷീര മേഖലയെ സമ്പൂർണ സ്വയം പര്യാപ്തതയിൽ എത്തിക്കാൻ ഉതകുന്ന രീതിയിൽ ക്ഷീര സംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പ്രസ്താവിച്ചു. പടവ് 2024 സംസ്ഥാന ക്ഷീരകർഷക സംഗമം പരിപാടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.ചടങ്ങിൽ ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ. ടി. ബിനു അദ്ധ്യക്ഷത വഹിച്ചു. കേരള ഫീഡ്സ് നൽകുന്ന പശുക്കൾക്കുള്ള സൗജന്യ ഇൻഷറൻസിലേക്ക് നറുക്കെടുപ്പിലൂടെ വിജയികളായ 250 കർഷകരെ തെരഞ്ഞെടുത്തു.ക്ഷീരസംഘങ്ങളിൽ 25 വർഷത്തിലധികമായി ഭരണസമിതി അംഗമായവരെ ചടങ്ങിൽ ആദരിച്ചു. ഇടുക്കി ജില്ലയിൽ ഏറ്റവും ഗുണമേന്മയുള്ള പാൽ സംഭരിച്ച സംഘത്തിനുള്ള അവാർഡ് അറക്കുളം ക്ഷീര സഹകരണ സംഘത്തിന് ലഭിച്ചു .

മികച്ച ബിഎംസി ക്കുള്ള പ്രത്യേക പുരസ്കാരം കോഴിക്കുളം ക്ഷീര സഹകരണ സംഘം ഏറ്റുവാങ്ങി. വിളംബരജാഥയിൽ ഏറ്റവും നല്ല ഫ്ലോട്ടിനുള്ള അവാർഡുകൾ കേരള ഫീഡ്സ് ചെയർമാൻ കെ. ശ്രീകുമാർ യഥാക്രമം ഇളംദേശം ബ്ലോക്ക്, വാത്തുക്കുടി ബ്ലോക്ക്, അഴുത ബ്ലോക്ക് എന്നിവർക്ക് നൽകി.എക്സ്റ്റൻഷൻ എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സൗത്ത് സോണിലെ മികച്ച ഫീൽഡ് എക്സ്റ്റൻഷൻ ഓഫീസറുടെ അവാർഡ് കരസ്ഥമാക്കിയ ഇളംദേശം ക്ഷീരവികസന ഓഫീസർ എം.പി. സുധീഷിനെ ക്ഷീര വികസന വകുപ്പ് ഡയറക്ടർ ആസിഫ് കെ. യൂസഫ് ആദരിച്ചു.എറണാകുളം മേഖലാ മിൽമ ഭരണസമിതി അംഗം ടി.ആർ.ഗോപാലകൃഷ്ണൻ നായർ, ക്ഷീര സംഘം പ്രസിഡൻറ് സോണി ജോസഫ് ചൊള്ളാമഠം തുടങ്ങിയവർ പ്രസംഗിച്ചു.




*വഴയില പഴകുറ്റി, പഴകുറ്റി മംഗലപുരം റോഡുകളുടെ നിർമാണ നടപടികൾ വിലയിരുത്താൻ മന്ത്രി ജി.ആർ അനിലിന്റെ സാന്നിധ്യത്തിൽ യോഗം ചേർന്നു*

# ആത്മഹത്യ പ്രതിരോധത്തിന് സമഗ്ര പദ്ധതി: കൊല്ലംകളക്ടർ

കൊല്ലം: ജനങ്ങളുടെ മാനസികാരോഗ്യപരിപാലനപ്രവർത്തനങ്ങൾ കൂടുതൽമെച്ചപ്പെടുത്തി ആത്മഹത്യപ്രവണതയ്ക്ക് തടയിടാൻ സമഗ്രപദ്ധതി നടപ്പിലാക്കുമെന്ന് ജില്ലാ കളക്ടർ എൻ.ദേവിദാസ്.

ചേമ്പറിൽ ചേർന്ന യോഗത്തിൽ അധ്യക്ഷനായ ജില്ലാ കലക്ടർ ആത്മഹത്യാനിരക്ക് വർധനയുടെ പശ്ചാത്തലത്തിലാണ് നടപടിയെന്ന് വ്യക്തമാക്കി.

ഉത്കണ്ഠ, വിഷാദം, മാനസികപിരിമുറുക്കം എന്നിവ മുൻകൂട്ടികണ്ടെത്തി ആവശ്യമായ വിദഗ്ധസഹായം ലഭ്യമാക്കും. കുടുംബപ്രശ്നങ്ങൾ, ഗാർഹികപീഡനം, ആരോഗ്യ പ്രശ്നങ്ങൾ, ലഹരി ഉപയോഗം, സാമ്പത്തികബാധ്യത തുടങ്ങിയവ ആത്മഹത്യയിലേക്ക് നയിക്കുന്നതിനെതിരെയും മുൻകരുതൽ കൈക്കൊള്ളും.

സാമൂഹിക സാമ്പത്തിക മേഖലകളിലെ സമഗ്ര ഇടപെടൽ വഴിയാണ് ഇതുസാധ്യമാക്കുക.

വ്യക്തിവിവരങ്ങൾ രഹസ്യമാക്കി വിദഗ്ധരുമായി ഉത്കണ്ഠകൾ പങ്കുവയ്ക്കാനുള്ള അവസരം ഒരുക്കും. മതിയായ സഹായം ലഭിച്ചാൽ 80 ശതമാനത്തോളം വിഷാദരോഗങ്ങളും പ്രാഥമിക ചികിത്സയിൽ ഭേദമാക്കാമെന്ന വിലയിരുത്തലിൻറെ പശ്ചാത്തലത്തിലാണിത്.

മാനസികാരോഗ്യപരിപാലനപ്രവർത്തനങ്ങളിൽ കുടുംബശ്രീ ആശാ പ്രവർത്തകരുടെ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. അപകട സാധ്യത പ്രകോപനഘടകങ്ങൾ, അപകടസൂചന എന്നിവ മുൻകൂട്ടി കണ്ടെത്തി ആത്മഹത്യയിൽ നിന്ന് സഹജീവികളെ പിന്തിരിപ്പിക്കുന്നതിന് സമൂഹത്തെയും സജ്ജമാക്കും. പോലീസിന് മുന്നിൽ എത്തുന്ന പരാതികളിൽ ആവശ്യമുള്ളവയ്ക്ക് കൗൺസിലിംഗ് നൽകണം.

യുവജനങ്ങൾക്ക് സാമൂഹികമാധ്യമ ബോധവത്കരണം നടത്തും. ആത്മഹത്യയുമായി ബന്ധപ്പെട്ട വാർത്തകൾ നൽകുമ്പോൾ മാധ്യമങ്ങൾ മതിയായ ശ്രദ്ധ പുലർത്തണമെന്നും കളക്ടർ പറഞ്ഞു.

വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ സമഗ്ര പദ്ധതി തയാറാക്കും. മാർച്ച് രണ്ടാം വാരത്തിൽ ശിൽപശാല നടത്തും. ആരോഗ്യം, തദ്ദേശസ്വയംഭരണം, വനിതാശിശുവികസനം, പോലീസ്, വിദ്യാഭ്യാസം, തൊഴിൽ, സാമൂഹികനീതി, എക്സൈസ്, ഉന്നതവിദ്യാഭ്യാസം, ഫയർഫോഴ്സ് തുടങ്ങിയ വകുപ്പുകളുടെ നേതൃത്വത്തിലാകും പ്രാരംഭഘട്ടപ്രവർത്തനങ്ങൾ.

സബ് കളക്ടർ മുകുന്ദ് ഠാക്കൂർ, ജില്ല മാനസികാരോഗ്യ പരിപാടിയുടെ നോഡൽ ഓഫീസർ ടി സാഗർ, പാരിപ്പള്ളി മെഡിക്കൽ കോളജ് കമ്യൂണിറ്റി ഹെൽത്ത് വിഭാഗം മേധാവി ഡോ . പി.എസ് ഇന്ദു എന്നിവരുടെ മേൽനോട്ടത്തിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി പ്രത്യേകകമ്മിറ്റിയും രൂപീകരിച്ചതായും കളക്ടർ വ്യക്തമാക്കി.

# വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ പ്രതികൾക്ക് കഠിനതടവും പിഴയും

പത്തനംതിട്ട: എക്സോഡസ് ഇൻറർ നാഷണൽ എന്ന കമ്പനി മുഖേന വിദേശത്തു ജോലി വാഗ്ദാനം ചെയ്ത് പണം വാങ്ങിയശേഷം ജോലിയോ പണമോ ലഭ്യമാക്കാതെ തട്ടിപ്പ് നടത്തിയതിന് രജിസ്റ്റർ ചെയ്ത ആറു കേസുകളിൽ നാല് പ്രതികൾക്ക് അഞ്ചുവർഷം വീതം കഠിനതടവും പിഴയും.

ആലത്തൂർ സ്വദേശി സ്റ്റാൻലി സൈമൺ (45), തോട്ടയ്ക്കാട് സ്വദേശി ഹണിമോൻ സി. ആൻറണി (42), വള്ളിക്കോട് സ്വദേശി സാനു തോമസ് (45), തെങ്ങുംകാവ് സ്വദേശി ബിനു വർഗീസ് (51) എന്നിവർക്കാണ് ശിക്ഷ.

പത്തനംതിട്ട ചീഫ് ജുഡീഷൽ മാജിസ്ട്രേറ്റ് കോടതിയുടേതാണ് വിധി. 2011 ജനുവരി മുതൽ ജൂൺ വരെ നടന്ന തട്ടിപ്പുമായി ബന്ധപ്പെട്ടാണ് കേസ് രജിസ്റ്റർ ചെയ്തിരുന്നത്.

പത്തനംതിട്ട പോലീസ് രജിസ്റ്റർ ചെയ്ത് ഡിവൈഎസ്പി റഫീഖിൻറെ നേതൃത്വത്തിൽ പ്രത്യേകസംഘം അന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ച ആറു കേസുകളിലാണ് വിധി. ഓരോ കേസിലും അഞ്ചു വർഷം വീതം കഠിനതടവ് അനുഭവിക്കണം.

കമ്പനിയുടെ ഉടമസ്ഥൻ, മാനേജർ, ഏജൻറുമാർ എന്നിവരുൾപ്പെടെ നാലു പേരെയാണ് കുറ്റക്കാരെന്നു കണ്ടെത്തി ചീഫ് ജുഡീഷൽ മജിസ്ട്രേറ്റ് കോടതി മജിസ്ട്രേറ്റ് ലൈജുമോൾ ഷെരീഫ് ശിക്ഷിച്ചത്. ആറു കേസുകളിലും ശിക്ഷാ കാലാവധി ഒരുമിച്ച് അനുഭവിച്ചാൽ മതിയാകും. പിഴ കേസിൽ പണം നഷ്ടപ്പെട്ടവർക്ക് നൽകണമെന്ന് കോടതി നിർദേശിച്ചു.

പ്രോസിക്യൂഷനുവേണ്ടി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ആർ. പ്രദീപ് കുമാർ ഹാജരായ കേസിൽ, ലെയ്സൺ ഓഫീസറായിരുന്നതു പത്തനംതിട്ട പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ അനുരാജാണ്.

# ട്രക്ക് ഡ്രൈവർമാർ പണിമുടക്കി; എൽപിജി പ്ലാൻറുകൾ നിശ്ചലമായി

തേഞ്ഞിപ്പലം: സംസ്ഥാനത്തെ എൽപിജി ബോട്ട്ലിംഗ് പ്ലാൻറുകളിലെ ട്രക്ക് ഡ്രൈവർമാർ ഇന്നലെ മൂന്നു മണിക്കൂർ പണിമുടക്കിയതോടെ പ്ലാൻറുകളുടെ പ്രവർത്തനം നിശ്ചലമായി.കാലാവധി കഴിഞ്ഞ് ഒന്നര വർഷമായിട്ടും സേവന വേതന കരാർ പുതുക്കാത്തതിൽ പ്രതിഷേധിച്ചായിരുന്നു പണിമുടക്ക്. ഇതിൻറെ ഭാഗമായി സംസ്ഥാന എൽപിജി സിലിണ്ടർ ട്രക്ക് ഡ്രൈവേഴ്സ് കോഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ തൊഴിലാളികൾ ഇന്നലെ പ്ലാൻറുകൾക്ക് മുന്നിൽ മൂന്നു മണിക്കൂർ പ്രതിഷേധ ധർണ നടത്തി.

ഐഒസി ചേളാരി ബോട്ട്ലിംഗ് പ്ലാൻറിനു മുന്നിൽ നടന്ന പ്രതിഷേധ ധർണ സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം വി.പി. സോമസുന്ദരൻ ഉദ്ഘാടനം ചെയ്തു. ഐഎൻടിയുസി സംസ്ഥാന കമ്മിറ്റി അംഗം സി.കെ. ഹരിദാസ് അധ്യക്ഷത വഹിച്ചു.

ഗുഡ്സ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി കെ. ഗോവിന്ദൻകുട്ടി, ടാങ്കർ ലോറി വർക്കേഴ്സ് യൂണിയൻ പ്രസിഡൻറ് അഡ്വ.കെ.ടി. വിനോദ്കുമാർ, സെക്രട്ടറി അജയൻ കൊളത്തൂർ, ബിഎംഎസ് നേതാവ് ഗിൽബർട്ട്, ഐഎൻടിയുസി നേതാക്കളായ പി. അഷ്റഫ്, കെ. രാജൻ എന്നിവർ പ്രസംഗിച്ചു.ഫെയർ വേജസും മറ്റു തൊഴിലാളി ക്ഷേമനിയമങ്ങളും നടപ്പാക്കണമെന്നാവശ്യപ്പെട്ട് 2022 ഡിസംബറിൽ തന്നെ സിഐടി യു, ഐഎൻടിയുസി, ബിഎംഎസ് യൂണിയനുകൾ ഉൾപ്പെടുന്ന സംയുക്ത ട്രേഡ് യൂണിയനുകൾ ഡിമാൻഡ് നോട്ടീസ് നൽകിയിരുന്നുവെന്നും അഡീഷണൽ ലേബർ കമ്മീഷണറുടെയും തൊഴിൽ വകുപ്പ് മന്ത്രിയുടെയും സാന്നിധ്യത്തിൽ പതിനഞ്ചിലേറെ തവണ ചർച്ചകൾ നടന്നെങ്കിലും ഇതുവരെയും തീരുമാനമായില്ലെന്നും യൂണിയൻ നേതാക്കൾ പറഞ്ഞു.

സിലിണ്ടർ ട്രക്ക് ഉടമ സംഘടനകൾ ഹൈക്കോടതിയെ സമീപിച്ച് പണിമുടക്ക് സമരത്തിനെതിരേ വിധി വാങ്ങി തൊഴിലാളി ക്ഷേമ നിയമങ്ങൾ നടപ്പാക്കുന്നതിൽ നിന്നും വിട്ടുനിൽക്കുന്ന സമീപനം അനുവദിക്കാനാകില്ല. ബന്ധപ്പെട്ടവർ അടിയന്തരമായി പ്രശ്നം പരിഹരിക്കണമെന്നും അല്ലാത്തപക്ഷം മെല്ലെപ്പോക്ക് സമീപനം സ്വീകരിക്കുമെന്നും യൂണിയൻ ഭാരവാഹികൾ അറിയിച്ചു.

## ആറ്റിങ്ങൽ ഗവ. കോളജിൽ ഓപ്പൺ ഡേ

ശാസ്ത്രദിന ആഘോഷങ്ങളുടെ ഭാഗമായി ആറ്റിങ്ങൽ ഗവ. കോളജിലെ പോളിമർ കെമസ്ട്രി, ഫിസിക്സ്, ഗണിതം എന്നീ വിഭാഗങ്ങൾ ചേർന്ന് ഫെബ്രുവരി 28ന് രാവിലെ 10 മുതൽ മൂന്നുവരെ ഒരു ഓപ്പൺ ഡേ സംഘടിപ്പിക്കുന്നു. ഈ പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ലാബ് ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നതിനായി ലാബ് വിസിറ്റും സയൻസിനെ പറ്റിയുള്ള അവലോകനവും നൽകും.

## തിയേറ്റർ അസിസ്റ്റന്റ് നിയമനം

കൊല്ലം സർക്കാർ മെഡിക്കൽ കോളജിൽ തിയേറ്റർ അസിസ്റ്റന്റ് (അനാട്ടമി വിഭാഗം) തസ്തികയിലേക്ക് താത്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ ഫെബ്രുവരി 29ന് രാവിലെ 11ന് കോളജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 04742572574.



ടെക്നോപാർക്കിൽ ജിടെക് സംഘടിപ്പിച്ച സെമിനാറിൽ പട്ടികജാതിപട്ടികവർഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത് എൻ സംസാരിക്കുന്നു. കെഡിഐഎസ്‌സി മെമ്പർ സെക്രട്ടറി ഡോ. പി.വി ഉണ്ണികൃഷ്ണൻ, ജിടെക് സെക്രട്ടറിയും ടാറ്റാ എൽഎക്സ്ഐ സെൻറർ ഹെഡുമായ ശ്രീകുമാർ വി, ഡിസിഎസ്എംഎടി സ്ഥാപനങ്ങളുടെ ഡയറക്ടർ ഡോ. ജയശങ്കർ പ്രസാദ് എന്നിവർ സമീപം.

# ഭിന്നശേഷിക്കാരായ കുട്ടികളുടെ പരീക്ഷാനുകൂല്യങ്ങൾക്കായി കേന്ദ്രസർക്കാർ നൽകുന്ന കാർഡ് രേഖയായി പരിഗണിക്കുന്നില്ലെന്നത് തെറ്റായ പ്രചരണം : മന്ത്രി വി ശിവൻകുട്ടി

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരീക്ഷാനുകൂല്യങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാർ നൽകുന്ന യുണീക് ഡിസബിലിറ്റി കാർഡ് രേഖയായി പൊതുവിദ്യാഭ്യാസ വകുപ്പ് പരിഗണിക്കുന്നില്ലെന്ന് പറയുന്നത് പൂർണമായും തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന 21 വിഭാഗങ്ങളിലുള്ള ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പരീക്ഷാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. ഒരു മണിക്കൂറിന് 20 മിനിറ്റ് കോമ്പൻസേറ്ററി ടൈം , ആവശ്യമെങ്കിൽ സ്ക്രൈബ്, ഇന്റർപ്രറ്റർ, പരീക്ഷയിൽ നേടിയ മാർക്കിന്റെ 25 ശതമാനം ഗ്രേസ് മാർക്ക് തുടങ്ങിയ ആനുകൂല്യങ്ങളാണ് നൽകുന്നത്.

2024 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷാനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 2023 ഒക്ടോബർ 28 ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും മാർഗ്ഗരേഖ നൽകിയിട്ടുണ്ട്. ഇതിൽ 40 ശതമാനത്തിൽ കൂടുതൽ ഭിന്നശേഷിയുള്ളവർക്കും അതിൽ താഴെ ഭിന്നശേഷിയുള്ളവർക്കും സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്ന് വിശദമാക്കിയിട്ടുണ്ട്.

ഡളകള കാർഡുകൾ രേഖയാക്കി സമർപ്പിക്കുന്നവരുടെ അപേക്ഷകൾ അംഗീകരിച്ച് പരീക്ഷാനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. മുൻകാലങ്ങളിലും കാർഡ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ വർഷം ഡളകള കാർഡ് ഹാജരാക്കിയ 23 കുട്ടികൾക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

ഒരു കുട്ടിക്ക്പോലും പരീക്ഷാനുകൂല്യങ്ങൾ നിഷേധിച്ചിട്ടില്ല. ഭിന്നശേഷി കമ്മീഷണറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡളകള കാർഡ് പരീക്ഷാനുകൂല്യത്തിനുള്ള രേഖയായി കണക്കാക്കണമെന്ന് പ്രത്യേകം അറിയിച്ചുകൊണ്ട് ഫെബ്രുവരി 20 ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് എല്ലാ ജില്ലകളിലെയും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരെയും അറിയിച്ചിട്ടുണ്ട്.

ഇതിനോടകം തന്നെ 2024 എസ്.എസ്.എൽ.സി പരീക്ഷയുടെ ഭാഗമായി ലഭിച്ച അപേക്ഷകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ 10,330 വിദ്യാർത്ഥികൾക്കും അസുഖ ബാധിതരായ വിദ്യാർത്ഥികളിൽ മതിയായ രേഖകൾ ഹാജരാക്കിയ 34 വിദ്യാർത്ഥികൾക്കുമായി ആകെ 10,364 പേർക്ക് പരീക്ഷാനുകൂല്യങ്ങൾ നൽകി ഉത്തരവായി. പരീക്ഷയ്ക്ക് മുമ്പ് തന്നെ ഏകദേശം 10,000 ത്തോളം അപേക്ഷകൾ കൂടി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുമെന്നും മന്ത്രി അറിയിച്ചു.

# തൊഴിൽ നൈപുണ്യം തിരിച്ചറിയുന്നതിന് ആർടിഡി മാതൃക സ്വീകരിക്കണമെന്ന് വിദഗ്ധർ

തിരുവനന്തപുരം: യഥാർത്ഥ കഴിവുകൾ തിരിച്ചറിയാൻ സാധിക്കുന്ന ആർടിഡി (റിക്രൂട്ട്, ട്രെയിൻ ഡിപ്ലോയ്) മാതൃകയിൽ നിയമനങ്ങൾ നടപ്പാക്കാൻ വ്യവസായ ലോകം തയ്യാറാകണമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു.

ആർടിഡി മാതൃക മികച്ച ഫലങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമാണെന്നത് കൊണ്ട് തന്നെ വ്യവസായം മെച്ചപ്പെട്ട തൊഴിൽ നിയമനങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാതൃക സ്വീകരിക്കണം. 'ബ്രിഡ്ജ് ദി ഗ്യാപ് 2.0: ഫോസ്റ്ററിംഗ് ഫ്യൂച്ചർ സ്കിൽസ് ഇൻ എഡ്യൂക്കേഷൻ' എന്ന സെമിനാറിലാണ് ഈ അഭിപ്രായമുയർന്നത്.

കേരളത്തിലെ ഐടി കമ്പനികളുടെ കൂട്ടായ്മയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്) ഐടി വ്യവസായത്തിൽ വൈദഗ്ധ്യമുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുന്ന തങ്ങളുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമായ മ്യൂലേണും ചേർന്നാണ് സെമിനാർ സംഘടിപ്പിച്ചത്. ജിടെക്കിൻറെ വാർഷിക പരിപാടിയായ പെർമ്യൂട്ടിൻറെ ഭാഗമായാണ് പരിപാടി നടന്നത്.

തങ്ങളുടെ വകുപ്പ് ഒരു വർഷത്തോളമായി ആർടിഡി മാതൃക പിന്തുടരുകയാണെന്നും മികച്ച വിജയം കൈവരിക്കാൻ ഇതിലൂടെ സാധിച്ചെന്നും പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത് എൻ പറഞ്ഞു. കെഎഎസ്ഇ, കെൽട്രോൺ എന്നിവയെ കൂടാതെ അയാട്ട (ഐഎടിഎ) പോലുള്ള വ്യോമയാന മേഖലയിലും തങ്ങൾക്ക് സഹകരണമുണ്ടാക്കാൻ ഈ മാതൃകയിലൂടെ സാധിച്ചതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

ഗോത്ര വിഭാഗത്തിൽ നിന്ന് ഒരു എയർഹോസ്റ്റസിനെ സൃഷ്ടിക്കാനായി മറ്റൊരാൾ പൈലറ്റ് പരിശീലനത്തിലാണ്. മുൻകാലങ്ങളിൽ 10 മുതൽ 20 കോടിയോളം നൈപുണ്യ വികസനത്തിനായി ചെലവിട്ടിരുന്നെങ്കിലും മെച്ചപ്പെട്ട ഫലം കിട്ടിയിരുന്നില്ല. ആർടിഡി മാതൃകയിലൂടെ വിവിധ വ്യവസായ മേഖലകളുമായി മികച്ച ബന്ധം സാധ്യമാക്കാനായെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസത്തിനിടെ നൈപുണ്യം സ്വായത്തമാക്കുന്നത് പ്രധാനമാണെന്ന് കേരള സാങ്കേതിക സർവകലാശാല ആൻഡ് ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് പറഞ്ഞു. മ്യുലേൺ ഈ രംഗത്ത് പ്രസക്തമാണ്. പുതുമയാർന്ന പാഠ്യപദ്ധതി അടുത്തവർഷം മുതൽ സാങ്കേതിക സർവകലാശാല നടപ്പാക്കും. ഇൻറേൺഷിപ്പിന് മാത്രമായി ഒരു സെമസ്റ്റർ മാറ്റിവയ്ക്കുന്ന രീതി നടപ്പിലാക്കാൻ തങ്ങൾ ശ്രമിക്കുകയാണെന്നും സർവകലാശാല ആവശ്യപ്പെടുന്ന സമയത്ത് ഇൻറേൺഷിപ്പിനുള്ള അവസരങ്ങൾ ലഭ്യമാക്കാൻ ചിലപ്പോൾ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് കഴിയാത്ത സാഹചര്യമാണുള്ളതെന്നും അദ്ദേഹം പറഞ്ഞു.

കോളേജുകളും സർവകലാശാലകളും വ്യവസായവുമായി ചേർന്ന് നൈപുണ്യ വികസന പരിശീലനം സംഘടിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കെഡിഐഎസ്സി മെമ്പർ സെക്രട്ടറി ഡോ. പി വി ഉണ്ണികൃഷ്ണൻ പറഞ്ഞു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് ജോയിൻറ് ഡറക്ടർ ഡോ. ആശാലത, ജിടെക് സെക്രട്ടറിയും ടാറ്റ എൽഎക്സ്ഐ സെൻറർ ഹെഡുമായ ശ്രീകുമാർ വി എന്നിവർ സംസാരിച്ചു.

ഡിസിഎസ് എംഎടി സ്ഥാപനങ്ങളുടെ ഡയറക്ടർ ഡോ. ജയശങ്കർ പ്രസാദ് മോഡറേറ്ററായിരുന്നു. സംസ്ഥാനത്തെ 80 ശതമാനം ഐടി പ്രൊഫഷണലുകളും 300 ലധികം ഐടി കമ്പനികളും ജിടെക്കിൽ അംഗങ്ങളാണ്. ടിസിഎസ്, വിപ്രോ, ഇൻഫോസിസ്, കോഗ്നിസെൻറ്, യുഎസ്ടി, ഇവൈ, ഐബിഎസ് സോഫ്റ്റ് വെയർ, ടാറ്റാ എൽഎക്സ്ഐ തുടങ്ങി കേരളത്തിലെ എല്ലാ പ്രമുഖ ഐടി കമ്പനികളും ജിടെക്കിലുണ്ട്.

# കാൻസർ ചികിത്സാ രംഗത്ത് മലബാർ കാൻസർ സെൻ്റർ കുതിക്കുന്നു; വിവിധ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും

തലശ്ശേരി മലബാർ കാൻസർ സെന്ററിൽ കിഫ്ബി പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി നിർമ്മിക്കുന്ന 14 നില ബ്ലോക്കിന്റെ ശിലാസ്ഥാപനം, 3 ടെസ്ല എംആർഐ സ്കാനർ, ഡെക്സാ സ്കാനർ, ഗാലിയം ജനറേറ്റർ, ബയോ ഫീഡ്ബാക്ക് ഡിവൈസ്, ജല ശുദ്ധീകരണ പ്ലാന്റ് എന്നിവയുടെ ഉദ്ഘാടനം ഫെബ്രുവരി 24ന് വൈകിട്ട് മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ എന്നിവർ മുഖ്യാതിഥികളാകും. എംപിമാരായ കെ. മുരളീധരൻ, വി. ശിവദാസൻ, സന്തോഷ് കുമാർ പി, ജോൺ ബ്രിട്ടാസ് എന്നിവർ മുഖ്യ പ്രഭാഷണം നടത്തും.

മലബാർ കാൻസർ സെന്ററിന്റെ വികസനത്തിൽ നാഴികകല്ലുകളായ പദ്ധതികളാണ് മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. എം.സി.സിയെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തിയിരുന്നു. ഉടൻ തന്നെ റോബോട്ടിക് സർജറി സജ്ജമാകും. അടുത്തിടെ എം.സി.സി. കാൻസർ ചികിത്സയിൽ അപൂർവ നേട്ടം കൈവരിച്ചു. കണ്ണിലെ കാൻസർ ചികിത്സിക്കാനുള്ള ഒക്യുലാർ പ്ലാക് ബ്രാക്കിതെറാപ്പി ചികിത്സ നടത്തുന്ന രാജ്യത്തെ നാലാമത്തെ സർക്കാർ ആശുപത്രിയായി എം.സി.സി. മാറി. പുതിയ പദ്ധതികളിലൂടെ എം.സി.സി.യിൽ വലിയ മാറ്റം വരുമെന്നും മന്ത്രി പറഞ്ഞു.

കിഫ്ബി ധനസഹായത്തോടെ നിർമിക്കുന്ന കേരളത്തിലെ ആരോഗ്യമേഖലയിലെ ഏറ്റവും ബൃഹത്തായ പദ്ധതിയാണ് 'ഡെവലപ്മെന്റ് ഓഫ് മലബാർ കാൻസർ സെന്റർ'. ഈ പദ്ധതിക്കായി 565.25 കോടി രൂപയുടെ ഭരണാനുമതിയും 398.31 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. 14 നിലകളുള്ള ഈ ആശുപത്രി സമുച്ചയത്തിന് 5,52,000 ഓളം അടി വിസ്തീർണമുണ്ട്.

സാധാരണ എംആർഐയെക്കാൾ ഉയർന്ന സിഗ്നൽ ടു നോയ്സ് പ്രദാനം ചെയ്യുന്നതാണ് 18.5 കോടി രൂപയുടെ 3 ടെസ്ല എംആർഐ. തലച്ചോറിലുള്ള മുഴകൾ, കിമോ തെറാപ്പി, റേഡിയേഷൻ എന്നിവ കഴിഞ്ഞതിന് ശേഷമുള്ള മുഴകളുടെ പരിശോധന, ശസ്ത്രക്രിയകൾക്ക് മുമ്പുള്ള മുഴകളുടെ വിശകലനം എന്നിവയ്ക്ക് 3 ടെസ്ല എംആർഐ ഉപകാരപ്രദമാണ്. ഉയർന്ന അപകട സാധ്യതയുള്ള രോഗികൾക്ക് അസ്ഥി ബലപ്പെടുത്തുന്ന ചികിത്സ നൽകാൻ സഹായിക്കുന്നതാണ് 53.50 ലക്ഷം രൂപ ചെലവഴിച്ചുള്ള ഡെക്സാ സ്കാനർ.

പ്രോസ്റ്റേറ്റ് ഗ്രന്ഥിയിൽ ഉണ്ടാകുന്ന കാൻസറിന്റേയും ന്യൂറോ എൻഡോക്രൈൻ വിഭാഗത്തിൽപ്പെടുന്ന കാൻസറുകളുടേയും രോഗ നിർണയത്തിനാവശ്യമായ റേഡിയോ ഫാർമസ്യൂട്ടിക്കലുകൾ ഉൽപാദിപ്പിക്കാൻ കഴിയുമെന്നതാണ് 65 ലക്ഷത്തോളം ചെലഴിച്ചുള്ള ജെർമേനിയം ഗാലിയം ജനറേറ്റർ. സംസ്ഥാനത്ത് ആദ്യമായാണ് ഒരു കാൻസർ സെന്ററിൽ സൈക്കോഓങ്കോളജി വിഭാഗത്തോട് ചേർന്ന് 7.61 ലക്ഷത്തോളം ചെലവഴിച്ച് ബയോ ഫീഡ്ബാക്ക് ഉപകരണം സജ്ജമാക്കുന്നത്. ബയോഫീഡ്ബാക്ക് ഡിവൈസ് ഉപയോഗിച്ച് മാനസിക സമ്മർദ്ദം, ഉത്കണ്ഠ, ഉറക്കമില്ലായ്മ, വേദന, മനസിന്റെ സ്വാധീനത്താലുള്ള മറ്റ് ശാരീരിക ബുദ്ധിമുട്ടുകൾ എന്നിവ കൈകാര്യംചെയ്യുവാൻ സാധിക്കും.

7.61 ലക്ഷത്തോളം രൂപ ചെലവാക്കിയാണ് ഈ ഉപകരണം സജ്ജമാക്കിയത്. 1 കോടി രൂപ ചെലഴിച്ചാണ് പ്രതിദിനം 400,000 ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ കഴിയുന്ന ജല ശുദ്ധീകരണ പ്ലാന്റ് സജ്ജമാക്കിയിരിക്കുന്നത്.

# ഭിന്നശേഷിക്കാരുമായി മുഖ്യമന്ത്രിയുടെ മുഖാമുഖം ഫെബ്രുവരി 26ന്

ഭിന്നശേഷി സൗഹൃദ കേരളം നവകേരള കാഴ്ചപ്പാട് എന്ന വിഷയത്തിൽ ഭിന്നശേഷി മേഖലയിലെ പ്രമുഖ വ്യക്തികളുമായി മുഖ്യമന്ത്രി പിണറായി വിജയൻ നടത്തുന്ന മുഖാമുഖം പരിപാടി ഫെബ്രുവരി 26ന് നടക്കും. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ തിരുവനന്തപുരം ആർ.ഡി.ആർ കൺവെൻഷൻ സെന്ററിൽ നടക്കുന്ന പരിപാടി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ ഡോ. ആർ ബിന്ദു, വി. ശിവൻകുട്ടി, ജി.ആർ അനിൽ, ആന്റണി രാജു എംഎൽ എ എന്നിവരും മുഖാമുഖം സദസിൽ പങ്കെടുക്കും. പരിപാടിയിൽ അമ്പതു പേർക്ക് മുഖ്യമന്ത്രിയോട് നേരിട്ട് ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരമുണ്ടാകും. മറ്റുള്ളവർക്ക് തൽസമയം ചോദ്യങ്ങൾ എഴുതി നൽകാനാവും. വിവിധ ജില്ലകളിലെ ഭിന്നശേഷി മേഖലയിലുള്ള വ്യക്തികളെ മുഖ്യമന്ത്രിയുടെ പ്രത്യേക ക്ഷണക്കത്ത് അയച്ചാണ് ക്ഷണിക്കുന്നത്. ഭിന്നശേഷിക്കാർ, ഭിന്നശേഷി മേഖലയിൽ സംഭാവന ചെയ്യുന്ന വ്യക്തിത്വങ്ങൾ, ഭിന്നശേഷിക്കാരായ കലാകായികസാംസ്കാരിക പഠന ഗവേഷണ മേഖലകളിലെ പ്രമുഖർ തുടങ്ങിയവരും വയോജന മേഖലയിലുള്ളവരും മുഖാമുഖത്തിൽ പങ്കെടുക്കും. ഡോ. അനീഷ്യാ ജയദേവ് മോഡറേറ്ററാകുന്ന പരിപാടിയിൽ അഡ്വ. ജയാഡാളി എം. വി, ഗിരീഷ് കീർത്തി, ഡോ. പി.റ്റി. ബാബുരാജ്, കൃഷ്ണകുമാർ, ഗോകുൽ രത്നാകർ, കുമാരി കൺമണി എസ്, വിജയൻ ഒ, ജോബി എ എസ്, മുരളീധരൻ വി, ജിനുമോൾ മാരിയറ്റ് തോമസ്, ഡോ. എം കെ സി നായർ, ഡോ. ജാവേദ് അനീസ്, ഡോ. ജയപ്രകാശ് ആർ, ഫാ. റോയ് വടക്കേൽ എന്നിവർ സംവദിക്കും. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മൊയ്ദീൻ കുട്ടി കെ, നിപ്മർ എക്സിക്യുട്ടീവ് ഡയറക്ടർ ചന്ദ്രബാബു. സി, നിഷ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. സുജാ കുന്നത്ത്, എസ്.ഐ.ഡി സ്റ്റേറ്റ് പ്രോഗ്രാം മാനേജർ സഹീറുദ്ദീൻ എന്നിവർ സംബന്ധിക്കും. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എച്ച്. ദിനേശൻ കൃതജ്ഞതയർപ്പിക്കും.

## മരണാനന്തര അതിവർഷാനുകൂല്യം: പ്രൂഫുകൾ ഹാജരാക്കണം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ മരണാനന്തര അതിവർഷാനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നവരിൽ പ്രൂഫുകൾ ഹാജരാക്കാത്തവർ ഫെബ്രുവരി 26 ന് മുൻപ് ഹാജരാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. വിശദ വിവരങ്ങൾക്ക്: 0471 2729175.

## വാക്ക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം മെഡിക്കൽ കോളജിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ എൻഡോക്രൈനോളജി തസ്തികയിൽ നിയമനം നടത്തുന്നതിന് വാക് ഇൻ ഇന്റർവ്യൂ നടത്തും. ഒരു ഒഴിവാണുള്ളത്. പ്രതിമാസ വേതനം 70,000 രൂപയായിരിക്കും. തിരുവനന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ മാർച്ച് 5ന് രാവിലെ 11 ന് ഇന്റർവ്യൂ നടക്കും. താത്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, മുൻപരിയം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം തിരുവനന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നിശ്ചിത സമയത്ത് ഹാജരാകണം.

## ഹിന്ദി അധ്യാപക ഒഴിവ്

ആലപ്പുഴ ജില്ലയിലെ ഒരു എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ഹിന്ദി (ജൂനിയർ) തസ്തികയിൽ ഭിന്നശേഷി കാഴ്ച പരിമിതർക്ക് സംവരണം ചെയ്തിരിക്കുന്ന ഒരു സ്ഥിര ഒഴിവ് നിലവിലുണ്ട്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി മാർച്ച് അഞ്ചിനകം ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ അടുത്തുള്ള ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നേരിട്ട് ഹാജരാകണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കണം.

# ഓഡിറ്റ് വിഭാഗത്തിൻെറ കണ്ടെത്തലുകൾ അടിസ്ഥാനരഹിതമാണെന്ന്

ചങ്ങനാശേരി: വിവിധ പഞ്ചായത്തുകളിൽ ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ അധിക നിരക്ക് അനുവദിച്ചത് സംബന്ധിച്ചു ഓഡിറ്റ് വിഭാഗത്തിൻറെ കണ്ടെത്തലുകൾ അടിസ്ഥാനരഹിതമാണെന്ന് സംയുക്ത ഗവ. കോൺട്രാക്ടേഴ്!സ് അസോസിയേഷൻ. ഒരു ബാരൽ ടാറിനു 2018 ഡിഎസ്ആർ റേറ്റ് പ്രകാരം 6,000 രൂപ കരാറുകർക്കു അനുവദിച്ചിരുന്നപ്പോൾ ബിപിസിഎൽ ഈടാക്കിയിരുന്ന നിരക്ക് ഒരു ബാരലിന് 11,000 രൂപയായിരുന്നു. നിരക്കിലുള്ള ഈ ഏറ്റക്കുറച്ചിൽ കാരണം പഞ്ചായത്തുകളിലെ ടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാൻ സംസ്ഥാന വ്യാപകമായി കരാറുകരെ കിട്ടാതായ അവസരത്തിലാണ് ബിറ്റ്മിൻറെ അധികനിരക്ക് പഞ്ചായത്തുകൾക്ക് അനുവദിക്കാം എന്ന സർക്കാർ ഉത്തരവ് വന്നത്.



ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ചീഫ് ഇലക്ടറൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിൽ സംഘടിപ്പിച്ച തിരഞ്ഞെടുപ്പ് ബോധവൽക്കരണ പരിപാടിയിൽനിന്ന്

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



കൂൺ ഗ്രാമം പദ്ധതി ഉദ്ഘാടനം

# മലയാളത്തിന്റെ മഞ്ഞണിപ്പൂനിലാവ്

സംഭാവനക്ക് ജെ.സി. ദാനിയേൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഓർക്കുക വല്ലപ്പോഴും, ഒറ്റക്കമ്പിയുള്ള തമ്പുരു, വയലാർ ഗർജ്ജിക്കുന്നു, ഒസ്യത്ത്, പാടും മൺതരികൾ, ഓടക്കുഴലും ലാത്തിയും തുടങ്ങിയവയാണ് പ്രധാന കൃതികൾ. ഒറ്റക്കമ്പിയുള്ള തംബുരു എന്ന കൃതിക്ക് 1981ൽ ഓടക്കുഴൽ പുരസ്കാരവും, 1982ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു. കേരള സാഹിത്യ അക്കാദമിയുടെ ഫെലോഷിപ്പും ലഭിച്ചിട്ടുണ്ട്. 2000 ൽ വള്ളത്തോൾ അവാർഡും ലഭിച്ചു. 2007 ഫെബ്രുവരി 25ന് അദ്ദേഹം അന്തരിച്ചു.

ഭാര്യ:ഇന്ദിര.

മക്കൾ:രാജീവൻ, വിജയൻ, അജിതൻ, രാധിക.

പ്രശസ്ത പത്രപ്രവർത്തകനും അഭിനേതാവുമായ ശശികുമാർ മരുമകനാണ്. ജീവിതാന്ത്യത്തിൽ അൽഷിമേഴ്സ് രോഗബാധിതനായിരുന്നു. 2007 ഫെബ്രുവരി 25 നു വാർദ്ധക്യ സഹജമായ അസുഖങ്ങളാൽ നിര്യാതനായി.

കൗതുകം:

ഏഷ്യാനെറ്റ് ചാനൽ അവതരണഗാനമെന്ന നിലയിൽ പ്രശസ്തമായ 'ശ്യാമസുന്ദര കേരകേദാരഭൂമി..' എന്ന ഗാനം പി. ഭാസ്കരൻ രചിച്ചതാണ്.

# ദിവസവേതനാടിസ്ഥാനത്തിൽ ട്രേഡ് ടെക്നീഷ്യൻ

തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എൻജിനിയറിങ് കോളജിൽ മെക്കാനിക്കൽ എൻജിനിയറിങ്, ഫിറ്റിങ്, ഷീറ്റ് മെറ്റൽ വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ട്രേഡ് ടെക്നിഷ്യൻ (ട്രേഡ്സ്മാൻ) ഒഴിവുണ്ട്. മെക്കാനിക്കൽ ട്രേഡിൽ ഫിറ്റിങ്, ഷീറ്റ് മെറ്റൽ എന്നീ ട്രേഡുകളിൽ ഐ.റ്റി.ഐ യോഗ്യതയോ തത്തുല്യമോ ഉള്ളവർ മാർച്ച് അഞ്ചിനു രാവിലെ 10 ന് വിദ്യാഭ്യാസ യോഗ്യത, വയസ് വ്യക്തിവിവരം എന്നിവ തെളിയിക്കുന്ന അസൽ രേഖകൾ സഹിതം മെക്കാനിക്കൽ എൻജിനിയറിങ് വകുപ്പിൽ അഭിമുഖത്തിന് എത്തണം.

കൂടുതൽ വിവരങ്ങൾക്ക്: 7907196885.

# വഴിനീളെ കണ്ടത് സാധാരണക്കാരൻെറ കണ്ണീർ: കെ. സുധാകരൻ

അടിമാലി: പിണറായിയെ പോലെ സന്പന്നരുടെ തലോടൽ കണ്ടല്ല സാധാരണക്കാരുടെ കണ്ണുനീർ കണ്ടാണ് സമരാഗ്നി മുന്നോട്ട് പോകുന്നതെന്ന് കെപിസിസി പ്രസിഡൻറ് കെ.സുധാകരൻ എംപി. സമരാഗ്നി പ്രക്ഷോഭയാത്രയ്ക്ക് അടിമാലിയിൽ നൽകിയ സ്വീകരണത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വയനാട്ടിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ വീടുകൾ സന്ദർശിക്കാത്ത ക്രൂരതയുടെ പര്യായമായി മുഖ്യമന്ത്രിയും മന്ത്രിമാരും മാറി. ശിവശങ്കരൻ ജയിലിൽ കിടന്നത് പിണറായിക്ക് വഴിയൊരുക്കാനാണെന്നും പിണറായിയും മകൾ വീണയും ജയിലിൽ കിടക്കുന്ന കാലം വിദൂരമല്ലെന്നും അദ്ദേഹം പറഞ്ഞു.

പരസ്പര സഹായ നിധികളായാണ് സിപിഎമ്മും ബിജെപിയും പ്രവർത്തിക്കുന്നത്. കള്ളപ്പണക്കേസിൽ കെ.സുരേന്ദ്രനെ പിണറായി സഹായിച്ചപ്പോൾ 38 തവണ ലാവ്ലിൻ കേസ് മാറ്റി ബിജെപി തിരിച്ചും സഹായിക്കുന്നു. മതാധിഷ്ഠിത രാജ്യമായല്ല, മതേതരരാജ്യമായി ഭാരതം നിലനിൽക്കാൻ ഓരോ കോൺഗ്രസുകാരനും ഉണർന്നു പ്രവർത്തിക്കണമെന്നും കെ.സുധാകരൻ പറഞ്ഞു.

സ്വാഗതസംഘം ചെയർമാൻ എ.കെ. മണി എക്സ് എംഎൽഎ അധ്യക്ഷത വഹിച്ചു. ഡീൻ കുര്യാക്കോസ് എംപി, മാത്യു കുഴൽനാടൻ എംഎൽഎ, ജെബി മേത്തർ എംപി, വീക്ഷണം എം.ഡി.ജയ്സൺ ജോസഫ്, പഴകുളം മധു, ജ്യോതികുമാർ ചാമക്കാല, ഐ.കെ.രാജു, പി.എം.നിയാസ് റോയി കെ.പൗലോസ്, എം.എൻ.ഗോപി, ജോയി തോമസ്, എ.പി.ഉസ്മാൻ, പി .വി.സ്കറിയ, ബാബു കുര്യാക്കോസ്,ഒ.ആർ.ശശി, ടി.എസ്.സിദ്ദിക്ക്, പി.ആർ.സലിംകുമാർ, ജോർജ് തോമസ്, കെ.ഐ. ജീസസ്, ഡി.കുമാർ, എസ്.വിജയകുമാർ ജോൺസി ഐസക്ക്,പി.എ.സജി, ഷിൻസ് ഏലിയാസ്, ജോബി ചെമ്മല, സി.ജി.എൻ സൺ എന്നിവർ പ്രസംഗിച്ചു.

പരിപാടിയുടെ ഭാഗമായി ഇന്നലെ രാവിലെ അടിമാലി ക്ലബ്ബിൽ സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നു ക്ഷണിക്കപ്പെട്ട പ്രതിനിധികൾ പങ്കെടുത്ത ജനസദസിന് വി.ഡി.സതീശനും കെ.സുധാകരനും നേതൃത്വം നൽകി. വിവിധ മേഖലകളിലുള്ളവർ തങ്ങൾ അനുഭവിക്കുന്ന ദുരിതം നേതാക്കളുടെ മുന്നിൽ വിവരിച്ചു. വന്യമൃഗശല്യം, പട്ടയം, നിർമാണനിരോധനം, കാർഷികമേഖലയിലെ പ്രതിസന്ധി തുടങ്ങി നിരവധി പ്ശ്രനങ്ങൾ ജനസദസിൽ ഉയർന്നു.

# കേരള മീഡിയ അക്കാദമിയുടെ ക്വിസ് പ്രസ്സ്2023 ടീം രജിസ്ട്രേഷൻ ആരംഭിച്ചു

കേരള മീഡിയ അക്കാദമി, കോളേജ് വിദ്യാർഥികൾക്ക് വേണ്ടി സംസ്ഥാന തലത്തിൽ ക്വിസ് പ്രസ്സ്2023 'നേരറിവിന്റെ സാക്ഷ്യപത്രം' എന്ന വിഷയത്തിൽ പ്രശ്നോത്തരി സംഘടിപ്പിക്കുന്നു. ക്വിസ് പ്രസ്സിന്റെ മൂന്നാം എഡിഷനാണിത്.

മുഖ്യമന്ത്രിയുടെ ട്രോഫിയും ഒരു ലക്ഷം രൂപയുമാണ് ഒന്നാം സമ്മാനം. മത്സരം ദൂരദർശനിലും ജീവൻ ടിവിയിലും സംപ്രേഷണം ചെയ്യും. ക്വിസ് മാസ്റ്റർ ജി എസ് പ്രദീപ് മത്സരം നയിക്കും. ഒരു കോളേജിൽ നിന്നും രണ്ടുപേർ അടങ്ങുന്ന എത്ര ടീമുകൾക്ക് വേണമെങ്കിലും പങ്കെടുക്കാം. 2024 മാർച്ച് 2, 3, 4 തിയതികളിൽ കാക്കനാട് കേരള മീഡിയ അക്കാദമി കാമ്പസിൽ നടക്കുന്ന ഇന്റർനാഷണൽ ജേണലിസം ഫെസ്റ്റിവലിന്റെ ഭാഗമായാണ് ക്വിസ് പ്രസ് മത്സരം സംഘടിപ്പിക്കുന്നത്.

ഇൻർനാഷണൽ ജേണലിസം ഫെസ്റ്റിവലിലും ക്വിസ് പ്രസ് മത്സരത്തിലും പങ്കെടുക്കാൻ പേര് രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് 2 തിയതി മുതൽ 4 വരെ താമസ, ഭക്ഷണ സൗകര്യങ്ങൾ അക്കാദമി ഒരുക്കുന്നതായിരിക്കും. മാർച്ച് 3ന് പ്രാഥമിക മത്സരങ്ങൾ നടക്കും. മാർച്ച് 4നായിരിക്കും ഫൈനൽ മത്സരം. ഫൈനൽ വിജയികൾക്ക് മുഖ്യമന്ത്രിയുടെ ട്രോഫിയും ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും നൽകും. രണ്ടാം സമ്മാനം 60,000/ രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, മൂന്നാം സ്ഥാനക്കാർക്ക് 30,000/ രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും നൽകും. മത്സരത്തിൽ പങ്കെടുക്കുന്നതിന് ഗൂഗിൾ ഫോം ലിങ്ക് https://forms.gle/KKGj8JBcUmU3o3ELA വഴി ഫെബ്രുവരി 29 വൈകീട്ട് അഞ്ച് മണിക്കകം ടീം രജിസ്ട്രേഷൻ നടത്തണം. മത്സരത്തിന്റെ വിശദവിവരങ്ങൾ അക്കാദമിയുടെ ഔദ്യോഗിക വെബ് സൈറ്റായ www.keralamediaacademy.org എന്ന വെബ്സൈറ്റിൽ ലഭിക്കും. അപൂർണ്ണമായ ഫോമുകൾ പരിഗണിക്കുന്നതല്ല. മത്സരാർത്ഥികളുടെ സെലക്ഷൻ സംബന്ധിച്ച അന്തിമതീരുമാനം കേരള മീഡിയ അക്കാദമിയുടേതായിരിക്കും. വിശദാംശങ്ങൾക്ക് ബന്ധപ്പെടുക: 0484 2422275, 04712726275, 9447150402.

# മാലിന്യ നിർമാർജനം: ശക്തമായ നീക്കവുമായി എൻഫോഴ്സ്മെൻറ്

തൊടുപുഴ: സന്പൂർണ മാലിന്യ നിർമാർജന പദ്ധതികളെ ഇല്ലാതാക്കാൻ നടക്കുന്ന ശ്രമങ്ങൾക്കെതിരേ ശക്തമായ നീക്കവുമായി ശുചിത്വമിഷൻ എൻഫോഴ്സ്മെൻറ് വിഭാഗം. മാലിന്യ നിർമാർജനത്തിനെതിരേയുള്ള പ്രവർത്തനങ്ങൾ ജില്ലയിലെ ചില മേഖലകളിൽ ആവർത്തിക്കുന്നുണ്ടെന്ന് എൻഫോഴ്സ്മെൻറ് വിഭാഗം അധികൃതർ പറഞ്ഞു.

സന്പൂർണ മാലിന്യ നിർമാർജന പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ആരോഗ്യ വകുപ്പ് എന്നിങ്ങനെ വിവിധ സർക്കാർ സംവിധാനങ്ങൾ നിരവധിയായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്പോഴാണ് അതിനെയെല്ലാം തകർക്കുന്ന ഇടപെടലുകൾ ചില കേന്ദ്രങ്ങളിൽനിന്നുണ്ടാകുന്നത്.

മാലിന്യ നിർമാർജന പ്രവർത്തനങ്ങളിൽ നിയമവിരുദ്ധമായ കാര്യങ്ങൾ കണ്ടെത്തി പിഴ അടപ്പിക്കൽ, കോടതിക്കേസ് എന്നിങ്ങനെ നടപടികൾ സ്വീകരിച്ചാലും ചില മേഖലകളിൽ ഇത്തരം നിയമ ലംഘനങ്ങൾ തുടർക്കഥയാകുകയാണ്. ജില്ലയിലെ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ എന്നിങ്ങനെ ഏതാനും ചില സ്ഥാപനങ്ങളിൽ സന്പൂർണ മാലിന്യ നിർമാർജന പദ്ധതിയെ തകർക്കുന്ന പ്രവർത്തനങ്ങൾ സംഭവിക്കുന്നുണ്ടെന്ന് ശുചിത്വ മിഷൻറെ എൻഫോഴ്സ്മെൻറ് വിഭാഗം പറയുന്നു.

ഏതാനും മാസങ്ങളായി ജില്ലാ ശുചിത്വ മിഷൻറെ നേതൃത്വത്തിലുള്ള എൻഫോഴ്സ്മെൻറ് വിഭാഗം വിവിധ സ്ഥലങ്ങളിൽ നടത്തിയ മിന്നൽ പരിശോധനകളിലും റെയ്ഡിലും ഇത്തരത്തിലുള്ള നിയമ ലംഘനങ്ങൾ പിടികൂടിയിരുന്നു. ഇവർക്കെതിരേ പിഴ ഈടാക്കൽ ഉൾപ്പെടെ മറ്റ് നിയമ നടപടികൾ സ്വീകരിച്ചെങ്കിലും നിയമ വ്യവസ്ഥകളെ വെല്ലു വിളിക്കുന്ന രീതിയിൽ ഇവരിൽ ചിലരെങ്കിലും മാലിന്യ നിർമാർജന പ്രവർത്തനങ്ങളെ തകിടം മറിക്കുന്ന കാര്യങ്ങൾ ആവർത്തിക്കുകയാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിലെ ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥർ, ശുചിത്വ മിഷൻ അസിസ്റ്റൻറ് കോഓർഡിനേറ്റർ, തദ്ദേശ സ്ഥാപന അധികൃതർ, പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതർ എന്നിങ്ങനെ ടീം അംഗങ്ങളുടെ നേതൃത്വത്തിലാണ് എൻഫോഴ്സ്മെൻറ് വിഭാഗം പ്രവർത്തിക്കുന്നത്.

# കാർഷികമേഖലയുടെ വളർച്ചയ്ക്ക് രാഷ്ട്രീയപാർട്ടികൾ മുൻകൈയെടുക്കണം: പന്ന്യൻ രവീന്ദ്രൻ

പെരിങ്ങോട്ടുകര: ആരോഗ്യമുള്ള സമൂഹത്തിൻറെ വളർച്ചയിൽ കാർഷിക മേഖലയുടെ പങ്ക് വളരെ വലുതാണെന്നും ആ പ്രവർത്തനത്തിന് രാഷ്ട്രീയപാർട്ടികൾ മുൻകൈയെടുത്ത് പ്രവർത്തിക്കണമെന്നും അതുവഴി രാഷ്ട്രീയ പ്രവർത്തന ശൈലയിൽ വലിയ മാറ്റം സൃഷ്ടിക്കാൻ കഴിയുമെന്നും സിപിഐ മുൻ സംസ്ഥാന സെക്രട്ടറി പന്ന്യൻ രവീന്ദ്രൻ അഭിപ്രായപ്പെട്ടു.

ശ്രീരാമൻചിറ പാടശേഖരത്തിൽ വി.കെ. മോഹനൻ കാർഷിക സംസ്കൃതിയുടെ കണിവെള്ളരി, തണ്ണിമത്തൻ, പച്ചക്കറി കൃഷി വിത്തിടൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കാർഷിക രംഗത്ത് ഉത്പാദനം വർധിപ്പിച്ച് കേരളം ഭക്ഷ്യസ്വയംപര്യാപ്തത ഉറപ്പിക്കാൻ എല്ലാവരും കാർഷികവൃത്തിയിൽ വ്യാപൃതരാകണം. വി.കെ. മോഹനൻ കാർഷിക സംസ്കൃതിയുടെ നേതൃത്വത്തിലുള്ള തുടർച്ചയായ കാർഷിക പ്രവർത്തനം ഇതിനു നല്ല മാതൃകയാണ് പന്ന്യൻ പറഞ്ഞു.

മുൻ കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.എസ്. പ്രിൻസ്, സിപി ഐ ജില്ലാ അസി. സെക്രട്ടറി ടി.ആർ. രമേശ്കുമാർ, സിപിഐ സംസ്ഥാന കൗൺസിൽ അംഗങ്ങളായ കെ.പി. സന്ദീപ്, ഷീല വിജയകുമാർ, ഷീന പറയങ്ങാട്ടിൽ, ജില്ലാ പഞ്ചായത്തംഗം വി.എൻ. സുർജിത്ത്, താന്ന്യം പഞ്ചായത്ത് പ്രസിഡൻറ് ശുഭ സുരേഷ്, അന്തിക്കാട് പഞ്ചായത്ത് പ്രസിഡൻറ് ജീന നന്ദൻ, സി.ആർ. മുരളീധരൻ, രതി അനിൽകുമാർ, ജ്യോതി രാമൻ, വിൽസൻ പുലിക്കോട്ടിൽ, ബാബു വിജയകുമാർ, കെ.കെ. പ്രദീപ്, പി.കെ. ശ്രീജി, എ.കെ. അനിൽകുമാർ, സീന അനിൽകുമാർ എന്നിവർ പങ്കെടുത്തു.

# ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ 60 മണിക്കൂർ രാപ്പകൽ സമരം ആരംഭിച്ചു

മലപ്പുറം : താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, മുഴുവൻ വേക്കൻസികളിലേക്കും നിയമനം നടത്തുക, ബി.സി. നിയമനം പിൻവലിക്കുക, റിക്കവറി ഏജൻറുമാരെ പിൻവലിക്കുക തുടങ്ങിയ ഒമ്പത് ആവശ്യങ്ങൾ ഉന്നയിച്ചു കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻറെയും ഓഫീസേഴ്സ് യൂണിയൻറെയും ആഭിമുഖ്യത്തിൽ രാപ്പകൽ സമരം മലപ്പുറത്തെ ഗ്രാമീണ ബാങ്ക് ഹെഡ് ഓഫീസിനു മുന്നിൽ ആരംഭിച്ചു.

23 ന് വൈകുന്നേരം അഞ്ചു വരെ തുടർച്ചയായ 60 മണിക്കൂറാണ് സമരം നടക്കുക. 23ന് സംസ്ഥാന വ്യാപകമായി ഗ്രാമീണ ബാങ്ക് ജീവനക്കാർ പണി മുടക്കുകയും ചെയ്യും.കെ എസ്ടിഎ സംസ്ഥാന ജനറൽ സെക്രട്ടറി കെ. ബദറുന്നീസ രാപ്പകൽ സമരം ഉദ്ഘാടനം ചെയ്തു. ബെഫി സംസ്ഥാന ജനറൽ സെക്രട്ടറി എൻ. സനിൽ ബാബു, ബെഫി മുൻ സംസ്ഥാന പ്രസിഡൻറ് ടി. നരേന്ദ്രൻ, എൻ.എൽ. പ്രേമലത(ബെഫി സംസ്ഥാന ജോയിൻറ് സെക്രട്ടറി),

സി. ഗോവിന്ദൻകുട്ടി (കെജിബിആർഎഫ് പ്രസിഡൻറ്), കെ.ടി. അനിൽ കുമാർ(കെബിഇഎഫ് സംസ്ഥാന ജനറൽ സെക്രട്ടറി), സി. രാജീവൻ (എഐആർആർബിഇഎ അഖിലേന്ത്യാ പ്രസിഡൻറ്), പി. രാജേഷ് (കെജിബിഒയു ജനറൽ സെക്രട്ടറി), എൻ. ശിവശങ്കരൻ (എൻജിഒ യൂണിയൻ ) തുടങ്ങിയവർ പ്രസംഗിച്ചു.

# എസ്.സി.ഇ.ആർ.ടി.യിൽ ഡെപ്യൂട്ടേഷൻ നിയമനം

കേരള സർക്കാരിനു കീഴിലുള്ള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനമായ എസ്.സി.ഇ.ആർ.ടി (കേരള) യിലേക്ക് മാത്തമാറ്റിക്സ് വിഷയത്തിൽ റിസർച്ച് ഓഫീസർ/അസ്സിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി സർക്കാർ സ്കൂളുകൾ, സർക്കാർ അധ്യാപക പരിശീലന കേന്ദ്രങ്ങൾ, സർക്കാർ കോളജുകൾ, സർക്കാർ ട്രെയിനിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ ജോലി ചെയ്യുന്ന അധ്യാപകരിൽ നിന്നും നിശ്ചിത മാതൃകയിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ വകുപ്പുമേലധികാരികളുടെ എൻ.ഒ.സി. സഹിതം മാർച്ച് അഞ്ചിനു മുമ്പ് ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം12 എന്ന വിലാസത്തിൽ ലഭിക്കണം. അപേക്ഷകരുമായി അഭിമുഖം നടത്തിയായിരിക്കും നിയമനത്തിനായുള്ളവരെ തെരഞ്ഞെടുക്കുന്നത്. വിശദവിവരങ്ങൾ www.scert.kerala.gov.in ൽ ലഭ്യമാണ്.

# ലാബ് ടെക്നീഷ്യൻ നിയമനം

തിരുവനന്തപുരം, പുതുക്കുറിച്ചി കുടുംബാരോഗ്യ കേന്ദ്രത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ വാക് ഇൻ ഇന്റർവ്യൂ മുഖേന ലാബ് ടെക്നീഷ്യനെ നിയമിക്കുന്നു. DMLT(DME)/ BSC MLT പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ആണ് യോഗ്യത. 2024 ഫെബ്രുവരി 28 രാവിലെ 11 മണിക്ക് പുതുക്കുറിച്ചി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇന്റർവ്യൂ നടക്കും. ഫോൺ: 0471 2426562.

# മന്ത്രി ഇടപെട്ടു; ഷാഡോ കുതിരയ്ക്ക് അടിയന്തിര ശസ്ത്രക്രിയ

കൊല്ലം : ചിതറയിലെ കിണറ്റിൽ വീണതിനെ തുടർന്ന് ഷാഡോ കുതിരയ്ക്ക് വലിയ ആരോഗ്യപ്രശ്നങ്ങളായിരുന്നു. ഒരു മാസം മുമ്പായിരുന്നു ഷാഡോ കുതിരയെ ചിതറയിലെ കിണറ്റിൽ നിന്ന് ഫയർഫോഴ്സ് രക്ഷപെടുത്തിയത് തുടർന്ന് ജനനേന്ദ്രിയത്തിൽ കാൻസർ ബാധിച്ച് അവശനായിരുന്നു ഷാഡോ. ചിതറ മൊതയിൽ അമാനി മൻസിൽ ഫസിലുദ്ദീന്റെ കുതിരയാണ് ഷാഡോ. രണ്ടര വയസ്സ് മാത്രം പ്രായമുള്ള ഷാഡോയുടെ ആരോഗ്യനിലയെക്കുറിച്ച്പൊതുപരിപാടിക്ക് എത്തിയ മന്ത്രിയോട് ഫസലുദ്ദീൻ സംസാരിച്ചു.

മന്ത്രി ചിഞ്ചുറാണി അടിയന്തര ഇടപെടലിന് ജില്ലാ വെറ്ററിനറി കേന്ദ്രം ചീഫ് വെറ്ററിനറി ഓഫീസർക്ക് നിർദ്ദേശം നൽകി. കൊല്ലം ജില്ലാ മൃഗാശുപത്രി മേധാവി ഡോ. ഡി ഷൈൻകുമാറിന്റെ നേതൃത്വത്തിൽ ഡോ എം എസ് സജയ്കുമാർ ഡോ. എം. എ നിസാം

അജിത് മുരളി എന്നിവർ അമാനി മാൻസിലിൽ എത്തി അനസ്തേഷ്യ നൽകി ഒരു മണിക്കൂർ നീണ്ട ശസ്ത്രക്രിയയിലൂടെ കാൻസർ മുഴ നീക്കം ചെയ്തു.അഞ്ചു ദിവസത്തെ ആന്റിബയോട്ടിക്കും വേദനസംഹാരികളും നിർദ്ദേശിച്ചു. മുറിവുണങ്ങുന്ന മുറയ്ക്ക് 1കുതിരയെ സവാരിക്ക് ഉപയോഗിക്കാം എന്ന് ഡോക്ടർമാർ പറഞ്ഞു.

